ഉത്തരം

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ ഐ.ആർ.ഡി.പി. ഗുണഭോക്താക്കളായി 39,836 കുടുംബങ്ങൾ ഉണ്ട്.

(ബി) ഇവരിൽ പട്ടികജാതി 12,750-ഉം പട്ടികവർഗ്ഗം 875-ഉം മറ്റുള്ളവർ-26,211-ഉം ഉണ്ട്.

(സി) ഇവർക്ക് സബ്സിഡിയായി 2,081.45 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) ഇതിൽ 1,040.725 ലക്ഷം രൂപ കേന്ദ്രസഹായമായിരുന്നു.

(ഇ) 1998-99-ൽ സഹായിച്ച എല്ലാ കുടുംബങ്ങളുടേയും ആസ്തി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു. ഇതു കഴിഞ്ഞശേഷം മാത്രമേ എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയെന്ന് കണക്കാക്കാൻ കഴിയുകയുള്ളു.

18 (2709) ഗ്രാമീണമേഖലയിൽ ഭവനനിർമ്മാണ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്രരേഖയ്ക്കു തൊട്ടുമുകളിലുള്ള ഗ്രാമീണമേഖലയിലെ ജനങ്ങൾക്കു വീട് വയ്ക്കാനുള്ള പദ്ധതി ഗ്രാമവികസനവകുപ്പ് ആവിഷ്കരിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാർഷിക കുടുംബവരുമാനം 32,000/- രൂപവരെയുള്ള ഗ്രാമീണ കുടുംബങ്ങൾക്കായി സഹായധനവും വായ്പയും നൽകി ഒരു കേന്ദ്രാവിഷ്കൃത ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ള ജനങ്ങൾക്കും ലഭിക്കുന്നതാണ്.

(ബി) ഈ സ്കീമനുസരിച്ച് ഭവന നിർമ്മാണത്തിനുള്ള വായ്പയുടെ പരിധി 40000/- രൂപയായിരിക്കും. സഹായധനം (സബ്സിഡി) പരമാവധി 10000/- രൂപയുമായിരിക്കും. സബ്സിഡി തുക കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ വഹിക്കും. ഈ സ്കീമിന്റെ ഗുണഭോക്താക്കളാകുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷിക കുടുംബവരുമാനം 32000 രൂപയാണെങ്കിലും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളയാളുകൾക്ക് മുൻഗണന നൽകും.

19 (2710) ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിയിൽ ഗ്രാമീണമേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നടപടികൾ വഴി നാളിതുവരെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒൻപതാം പദ്ധതിയിൽ ഈ ഇനത്തിൽ എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും എന്തുതുക 1999 മേയ് 31 വരെ ചെലവാക്കിയിട്ടുണ്ടെന്നും വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഗ്രാമവികസനവകുപ്പ് താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.)
2. വനിതാ ശിശുവികസന പരിപാടി (ഡബ്ല്യൂ.സി.ആർ.എ.)
3. ജവഹർ തൊഴിൽദാനപരിപാടി (ജെ.ആർ.വൈ.)
4. തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്.)

ഐ.ആർ.ഡി.പി.യും അനുബന്ധ പദ്ധതികളായ ട്രൈസം, ഡി.ഡബ്ല്യൂ. സി.ആർ.എ. ആധുനിക കൈത്തൊഴിലുപകരണ പരിപാടി എന്നിവയും ഗംഗാ കല്യാൺയോജന, ദശലക്ഷം കിണർ പദ്ധതി തുടങ്ങിയ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടു 1.4.99 മുതൽ 'സ്വർണ്ണജയന്തി ഗ്രാമ സ്വരസ്ഗാർയോജന' എന്ന പുതിയ പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ജവഹർ തൊഴിൽദാന പരിപാടി 'ജവഹർഗ്രാമസമൃദ്ധിയോജന' എന്ന പേരിൽ പരിഷ്കരിച്ച് നടത്തിപ്പുചുമതല 1.4.99 മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഒൻപതാം പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ സംയോജിത ഗ്രാമവികസന പരിപാടിയിൽ 84,027 കുടുംബങ്ങളേയും വനിതാശിശുവികസന പരിപാടിയിൽ 2,752 ഗ്രൂപ്പുകളേയും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുവാനും തൊഴിലുറപ്പ് പദ്ധതിയിൽ 102.99 ലക്ഷം തൊഴിൽദിനങ്ങളും ജവഹർതൊഴിൽദാന പരിപാടിയിൻകീഴിൽ 81.21 ലക്ഷം തൊഴിൽദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) 1. സംയോജിത ഗ്രാമവികസനപരിപാടി - 7317 ലക്ഷം രൂപ.
2. വനിതാശിശുവികസനപരിപാടി - 600 ലക്ഷം രൂപ.
3. ജവഹർതൊഴിൽദാനപരിപാടി - 4900 ലക്ഷം രൂപ.
4. തൊഴിലുറപ്പ് പദ്ധതി - 4750 ലക്ഷം രൂപ.

1997 മുതൽ 1999 മേയ്മാസംവരെ മേൽ പ്രസ്താവിച്ച പദ്ധതികൾക്കായി കേന്ദ്രവിഹിതവും ആനുപാതികമായി നൽകിയ സംസ്ഥാന വിഹിതവും ചേർത്ത തുകയിൽനിന്നും ചെലവഴിച്ച തുക താഴെ കാണുംവിധമാണ്.

1. സംയോജിതഗ്രാമവികസനപരിപാടി - 5300.97 ലക്ഷം രൂപ.
2. വനിതാ -ശിശുവികസനപരിപാടി - 525.41 ലക്ഷം രൂപ.
3. ജവഹർതൊഴിൽദാനപരിപാടി - 8091.71 ലക്ഷം രൂപ.
4. തൊഴിലുറപ്പുപദ്ധതി - 9796.69 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly